INDIAN SCHOOL SOHAR

No of pages:2

TERM II EXAMINATION (2019-20)

MALAYALAM

**CLASS:VIII** **MAX. MARKS: 40**

**DATE:01/03/2020** **DURATION:1½ HRS.**

**General instructions**

- Please check that this question paper contains 2 printed pages.
- Please check that this question paper contains 4 sections.
- Please write down the Serial Number of the question before attempting it.
- The Question Paper is divided in to four sections:-

| | |
|---|---|
| Section A: Reading Comprehension | 5marks |
| Section B: Writing | 10marks |
| Section C: Grammar | 14 marks |
| Section D: Literature | 11marks |

എ വിഭാഗം

**1.**താഴെകൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (5)

യൂഗോസ്ലോവിയായിലെ ഒരു ചെറിയ പട്ടണമാണ് സ്കോപ്ജെ. അവിടത്തെ ഒരു സാധാരണ കുടുംബത്തിൽ 1910 ആഗസ്റ്റ് 27ന് മദർ തെരേസ ജനിച്ചു. കുട്ടിക്കാലത്തെ പേര് ആഗ്നസ് എന്നായിരുന്നു. ആ കുടുംബത്തിലെ മൂന്ന് മക്കളിൽ ഇളയവളായിരുന്നു ആഗ്നസ്. ചുവന്നു തുടുത്ത ആ പെൺകുട്ടിയെ 'ഹോങ്ക്സ്' എന്നും വിളിച്ചിരുന്നു. 'പൂമൊട്ട്' എന്നാണ് ആ പദത്തിന്റെ അർത്ഥം. പന്ത്രണ്ടു വയസ്സായപ്പോൾ ആഗ്നസിൽ ഒരാഗ്രഹം പൊട്ടിമുളച്ചു. ക്രിസ്തുവിനുവേണ്ടി ജീവിതം സമർപ്പിക്കുക എന്നതായിരുന്നു ആ ആഗ്രഹം. പതിനെട്ടാമത്തെ വയസ്സിൽ ആഗ്നസ് കന്യകാമഠത്തിൽ ചേർന്നു. കൽക്കത്തയിലെ ചേരികളിലേക്ക് ഒരു മാലാഖയെപ്പോലെ അവർ പറന്നുചെന്നു. പട്ടിണിയും രോഗങ്ങളും കൊണ്ട് ദുരിതമനുഭവിക്കുന്നവരെ ശുശ്രൂഷിച്ചു. ആലംബഹീനരായ രോഗികളെ പാർപ്പിക്കുന്നതിന് അവർ കൽക്കത്തയിൽ 'നിർമൽഹൃദയ്' എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിച്ചു. മാനസീകരോഗികളും കുഷ്ഠരോഗികളും ക്ഷയരോഗികളും മന്ദബുദ്ധികളും മറ്റും മദർ തെരേസയുടെ ഉറ്റ ചങ്ങാതിമാരായിരുന്നു. അവർക്കായി നിരവധി അനാഥാലയങ്ങളും ആശുപത്രികളും വിദ്യാലയങ്ങളും പണികഴിപ്പിച്ചു. ദുരിതമനുഭവിക്കുന്നവരുടെ രക്ഷയ്ക്കായി ദൈവം ഭൂമിയിലേക്കയച്ച ഒരു മാലാഖയായിരുന്നു മദർതെരേസ.

**ചോദ്യങ്ങൾ**

a) 'ഹോങ്ക്സ്' എന്ന പദത്തിനർത്ഥം എന്ത്?
b) നിർമൽ ഹൃദയ് സ്ഥിതിചെയ്യുന്നത് എവിടെ?
c) ആരെല്ലാമായിരുന്നു മദറിന്റെ ഉറ്റചങ്ങാതിമാർ?
d) പന്ത്രണ്ടാമത്തെ വയസ്സിൽ ആഗ്നസിനുണ്ടായ ആഗ്രഹമെന്തായിരുന്നു?
e) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നല്കുക.

ബി വിഭാഗം

**2.**ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒരു പുറത്തിൽ കവിയാതെ ഉപന്യസിക്കുക. (5)

a) വായനയുടെ പ്രാധാന്യം
b) ദേശീയപതാക
c) അദ്ധ്യാപകദിനം

**3.**സ്കൂൾ കായികമത്സരങ്ങളിൽ പങ്കെടുത്ത് വിജയം നേടിയ സുഹൃത്തിനെ അഭിനന്ദിച്ചു കൊണ്ട് ഒരു കത്ത് തയ്യാറാക്കുക.. (5)

## സി വിഭാഗം

**4.അർത്ഥം എഴുതുക.** (1)

a) തേജസ്.

**5.**വാക്യത്തിൽ പ്രയോഗിക്കുക. (1)

a) കണ്ണെത്താദൂരം

**6.കേവലക്രിയയ്ക്ക് ഉദാഹരണമേത്?** (1)

(എടുക്കുന്നു, ഉറക്കുന്നു)

**7.**പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. (1)

a) പ്രകാശമുണ്ട്

**8.വിഗ്രഹിച്ചെഴുതുക** (1)

a) സ്വർണ്ണപ്പെട്ടി

**9.പര്യായപദമെഴുതുക** (2)

a) രത്നം

b) യുവാവ്

**10.വിപരീതം എഴുതുക** (1)

a) നൻമ

**11**. 'മിടുക്ക്' എന്ന പദം ഏത് നാമവിഭാഗത്തിൽപ്പെടുന്നു? (1)

( സാമാന്യനാമം, ഗുണനാമം, സമൂഹനാമം)

**12.അടിവരയിട്ട ശബ്ദം ഏത് വിഭക്തിയാണ്?** (1)

പരിചാരക<u>ന്റെ</u> മേല്നോട്ടത്തിൽ രവി വളർന്നു.

**13.**വിനയെച്ചം ഏത്? (1)

(ഉറങ്ങുന്ന മനുഷ്യൻ, ഓടിപ്പോയി)

**14.**നാനാർത്ഥം എഴുതുക (1)

a) ആശ

**15.**വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക (1)

a) കഷ്ടപ്പെട്ട് പണിയെടുത്ത് കഠിനാധ്വാനം ചെയ്ത് കിട്ടുന്ന അല്പമായ വരുമാനം കൊണ്ട് ജീൻവാൽജീൻ കുടുംബത്തെ സഹായിച്ചുപോന്നു.

**16.**അടിവരയിട്ട പദം ഏത് വിശേഷണവിഭാഗത്തിൽപ്പെടുന്നു? (1)

a) <u>ബുദ്ധിമാനായ</u> ബീർബൽ കുഞ്ഞിന്റെ അമ്മയെ കണ്ടെത്തി.

## ഡി വിഭാഗം

**17.ഉത്തരമെഴുതുക.**

a) രണ്ടാമത്തെ സ്ത്രീയ്ക്ക് എന്ത് ശിക്ഷ കൊടുക്കാനാണ് അക്ബർ ചക്രവർത്തി കല്പിച്ചത്? (1)

b) കാർത്തികതിരുന്നാൾ രാമവർമ്മ മഹാരാജാവിന് അപമാനവും ഭീതിയും ഉണ്ടാകാൻ കാരണമെന്ത്? (1)

c) പൊൻമാന്റെ ശരിയായ പേരെന്ത്? (1)

d) കല്യാണസൗഗന്ധികം തുള്ളൽകൃതി രചിച്ചതാര്? (1)

e) ശേഖൂട്ടി എവിടെയാണ് തളർന്ന് വീണത്? (1)

f) വേടൻമാരുടെ കൂടെപ്പോയ കിളിക്ക് എന്ത് സംഭവിച്ചിരിക്കാം? (1)

g) രവി ബാല്യത്തിൽ ഒറ്റപ്പെടാൻ കാരണമെന്ത്? (1)

h) പിണങ്ങിപ്പറന്നുപോകുന്ന പക്ഷിയോട് എന്തു പറയുവാനാണ് കവി മോഹിക്കുന്നത്? (1)

i) ജീൻവാൽജീനെ വളർത്തിയതാരായിരുന്നു? (1)

j) നമ്മുടെ നാടിനെ എങ്ങനെ സേവിക്കണമെന്നാണ് സുഗതകുമാരി തന്റെ കവിതയിൽ പറയുന്നത്? (1)

k) ടാഗോർ കുട്ടികൾക്കുവേണ്ടി എഴുതിയിട്ടുള്ള കഥകൾ ഏതൊക്കെയാണ്? (1)

**********************